മൽസ്യഫെഡിന്റെ സഹായം ലഭിച്ചവർ

1798 [2723] ശ്രീ. വി. ജെ. തങ്കപ്പൻ :
,, കെ. പുരുഷോത്തമൻ :
,, കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൽസ്യഫെഡ് ആവിഷ്കരിച്ചിട്ടുള്ള ക്ഷേമപദ്ധതികൾ അനുസരിച്ച് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര മൽസ്യത്തൊഴിലാളികൾക്ക് സഹായം നൽകിയിട്ടുണ്ട് ?

ഉത്തരം

ഏകദേശം 67,000 മൽസ്യത്തൊഴിലാളികൾക്ക് മൽസ്യഫെഡിന്റെ പദ്ധതികൾ അനുസരിച്ച് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സഹായം നൽകിയിട്ടുണ്ട്.

ഉൾനാടൻ ചെമ്മീൻകൃഷി വികസനം

1799 [2724] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ ചെമ്മീൻകൃഷിയുടെ വികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം;

(ബി) പ്രസ്തുത പരിപാടിക്ക് ലോകബാങ്കിന്റെ സഹായം ലഭിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉൾനാടൻ ചെമ്മീൻകൃഷിയുടെ വികസനത്തിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. ചെമ്മീൻ കർഷക വികസന ഏജൻസികൾ സ്ഥാപിച്ചിട്ട് അതത് മുഖാന്തിരം സ്വകാര്യമേഖലയിൽ ചെമ്മീൻകൃഷി നടത്തുന്നവർക്ക് സാമ്പത്തികസഹായവും സാങ്കേതിക സഹായവും നൽകുക.

2. ഫിഷറീസ് വകുപ്പിന്റെ കീഴിലും മത്സ്യഫെഡിന്റെ കീഴിലും ബ്രാക്കിഷ് വാട്ടർ ഫിഷ് ഫാമുകൾ തുടങ്ങുക.

3. ചെമ്മീൻ കുഞ്ഞുങ്ങൾ വർദ്ധിപ്പിക്കാൻ വേണ്ടി ഹാച്ചറികൾ സ്ഥാപിക്കുക.

4. ഷെഡ്യൂൾഡ് ബാങ്ക്, പ്രാദേശിക ഗ്രാമീണ ബാങ്ക്, നബാർഡ് തുടങ്ങിയ സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും ധനം ലഭ്യമാക്കി സ്വകാര്യമേഖലയിൽ ചെമ്മീൻ കൃഷി വ്യാപിപ്പിക്കുക എന്നിവയാണ്.

(ബി) ഇല്ല.

മത്സ്യത്തൊഴിലാളിയായി അംഗീകരിക്കുന്നതിനുള്ള മാനദണ്ഡം

1800 [2725] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളായി അംഗീകരിക്കുന്നതിനുള്ള മാനദണ്ഡമെന്തെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യത്തൊഴിലാളികളുടെ ജില്ലാടിസ്ഥാനത്തിലുള്ള എണ്ണം വ്യക്തമാക്കുമോ ;

(സി) പാലക്കാട് ജില്ലയിൽ മത്സ്യത്തൊഴിലാളികൾ ഉള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എവിടെയെല്ലാം ; എത്ര തൊഴിലാളികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ഉപനാടൻ മത്സ്യത്തൊഴിലാളികളെക്കൂടി മത്സ്യത്തൊഴിലാളികളായി അംഗീകരിച്ചിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള മത്സ്യത്തൊഴിലാളി ക്ഷേമസംഘം ആക്ട് 1980-ൽ സെക്ഷൻ 2 (ഇ) (എച്ച്) (ഐ) പ്രകാരം മത്സ്യബന്ധനം മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള വ്യക്തിയെ മത്സ്യത്തൊഴിലാളിയായി അംഗീകരിക്കുന്നുണ്ട്. മത്സ്യബന്ധനം, എന്നാൽ യന്ത്രവൽകൃതമോ അല്ലാത്തതോ ആയ ഏതു രീതിയിലുള്ള മത്സ്യബന്ധനവുമാകാം. തലച്ചുമടായോ, സൈക്കിൾ ഉപയോഗിച്ചോ മത്സ്യവിതരണം നടത്തുന്ന മത്സ്യത്തൊഴിലാളി കുടുംബത്തിലെ അംഗങ്ങളേയും മത്സ്യത്തൊഴിലാളികളായി അംഗീകരിച്ചിട്ടുണ്ട്.

(ബി) 1-9-1985-ൽ പ്രസിദ്ധീകരിച്ച ലിസ്റ്റിൻപ്രകാരം, മത്സ്യത്തൊഴിലാളികളുടെ ജില്ലാടിസ്ഥാനത്തിലുള്ള എണ്ണം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	37929
കൊല്ലം	16990
ആലപ്പുഴ	23010
എറണാകുളം	15740
തൃശ്ശൂർ	10568
മലപ്പുറം	16563
കോഴിക്കോട്	20046
കണ്ണൂർ	11102
കാസർകോട്	12016
ആകെ	163964

(സി) ഉണ്ട്.

(ഡി) ആലത്തൂർ, മുതലമട, കൊടുവായൂർ, തത്തമംഗലം, വാവുല്യപുരം, പുതുനഗരം, മണ്ണാർക്കാട്, ഒറ്റപ്പാലം, പാലക്കാട് എന്നിവിടങ്ങളിൽ മത്സ്യത്തൊഴിലാളികൾ ഉണ്ട്. അവരുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(ഇ) ഉണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly